ശ്രീ. ഇ. അഹമ്മദ്: ശ്രീ രാമകൃഷ്ണൻ പറഞ്ഞതുപോലെ ഈ ഭാഗത്തുള്ള ഞങ്ങൾക്കൊക്കെ പല കാര്യങ്ങളും ബോധിപ്പിക്കാനുണ്ട്. ഉദാഹരണമായി എന്റെ പ്രദേശത്തെ മട്ടന്നൂരിൽ ഒരു ട്രാൻസ്പോർട്ടു ബസിനു പെട്രോൾ ഒഴിച്ചു തീകത്തിച്ചു ഒരാളുടെ മരണത്തിനും എട്ടുപേർക്കു പരിക്കേൽക്കയും ചെയ്തു സംഭവം ഉണ്ടായി. അങ്ങയുടെ റൂളിംഗ് ഉള്ളതുകൊണ്ടാണു ഈ കാര്യങ്ങളൊന്നും ഞാനിവിടെ പരാമർശിക്കാതിരുന്നത്. ശ്രീ. രാമകൃഷ്ണൻ പറഞ്ഞതുപോലെ എല്ലാവർക്കും സംസാരിക്കാൻ അവസരം കൊടുക്കുകയണെങ്കിൽ ഈ ഭാഗത്തിരിക്കുന്ന ഞങ്ങൾക്കും പലതും പറയാനുണ്ട്. അതിനു കൂടി സന്ദർഭംതരണം.

മി. സ്പീക്കർ: രേണുകകുഷ്ടിയെക്കാൾ കൂടുതൽ അവസരം പ്രതിപക്ഷത്തിനു കൊടുക്കണമെന്നു പറഞ്ഞു. ശ്രീ. ജോർജ് രേണുകകുഷ്ടിയിലും ഇരുന്നിട്ടുണ്ട്: ഇപ്പോൾ പ്രതിപക്ഷത്തുവന്നിരിക്കുകയാണ്. രണ്ടു നിലയിലുള്ള അനുഭവങ്ങൾ വച്ചുകൊണ്ട് ഒന്ന് കാര്യമായി പരിശോധിച്ചു നോക്കിയാൽ പ്രതിപക്ഷത്തിന്റെ ഭാഗത്താണു മിക്കവാറും സ്പീക്കർ വന്നിരിക്കുന്നതെന്നുള്ള ബോധ്യം ഉണ്ടാകുമെന്നാണു തോന്നുന്നത്. ഇന്നുതന്നെ ചോദ്യങ്ങൾ ചോദിച്ചതിനെസംബന്ധിച്ചിടത്തോളമുള്ള കണക്കുകൾ ഞാൻ എഴുതി വച്ചിട്ടുണ്ട്. ഈ ഭാഗത്തു നിന്ന് ഇത്ര ചോദ്യം ചോദിച്ചു, ആ ഭാഗത്തുനിന്ന് ഇത്ര ചോദ്യം ചോദിച്ചു എന്നുള്ള കണക്കു ഞാൻ എഴുതിവച്ചിട്ടുണ്ട്. ഇന്നത്തെയും എഴുതിവച്ചിട്ടുണ്ട്. ഓരോ ദിവസത്തെയും എഴുതി ഓരോ ചോദ്യത്തിനും നോട്ടുചെയ്തു വരുകയാണ്. അതു പുറത്തു വിട്ടാൽ ഈ ഭാഗത്തിരിക്കുന്നവർ വമ്പിച്ച പ്രതികഷേധം ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല. ചോദ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല, മറ്റു മിക്കവാറും എല്ലാ കാര്യങ്ങളിലും കൂടുതൽ പ്രതിപക്ഷത്തിനു അവസരംകൊടുക്കണമെന്നുള്ള മനോഭാവത്തോടുകൂടിയാണ് ഞാൻ ഇരിക്കുന്നത്. ഒരു ആരോപണമായിട്ടല്ല ജോർജ് പറഞ്ഞതെന്നാണ് എന്റെ വിശ്വാസം. ഓരോ മൺഡലത്തിൽനിന്നും വരുന്ന ആളുകൾക്ക് മിക്കവാറും അവരുടെ മൺഡലങ്ങളിലെ കാര്യങ്ങൾ പറയാൻ കാണും. അങ്ങനെയുള്ള കാര്യങ്ങൾക്ക് വളരെയേറെ സമയം എടുക്കുന്നുണ്ട്. പത്തു ഇരുപത്തിയഞ്ചു മിനിട്ട് ആശുപത്രി കാര്യം ചോദിക്കാൻ വേണ്ടിതന്നെ എടുത്തു. അങ്ങനെ ധാരാളം സമയം എടുക്കുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. ഏതായാലും എന്നിൽ നിന്ന് ഈ മാതിരിയുള്ള കാര്യങ്ങളിൽ കൂടുതൽ പരിഗണന പ്രതിപക്ഷത്തിരിക്കുന്നവർക്കാണ് ഉണ്ടാകുകയെന്നുള്ളത് ഞാൻ പറയുമ്പോൾ രേണുകകുഷ്ടിയിലുള്ള ആളുകൾക്കും ആർക്കും മുഷിച്ചിൽ ഉണ്ടാകേണ്ട. അവർക്കും അവസരം കൊടുക്കുമെന്നു ഞാൻ പറയുകയാണ്. ഈ മാതിരി ഉള്ള കാര്യങ്ങളിൽ എന്നെസംബന്ധിച്ചിടത്തോളം എന്റെ ആനുകൂല്യങ്ങൾ പ്രതിപക്ഷത്തിരിക്കുന്നവർക്ക് ഉണ്ടാകുമെന്ന് പ്രതിപക്ഷ സുഹൃത്തുക്കൾക്ക് വിശ്വസിക്കാം.

റൂൾ 61 അനുസരിച്ച് കട്ടായിക്കോണം ശ്രീധർക്ക് സംസാരിക്കാം.

CALLING ATTENTION UNDER RULE 61

Lathi-charge by Police in Kazhakuttom on January 19, 1970

ശ്രീ. വി. ശ്രീധർ: ഈ കഴിഞ്ഞ ജനുവരി 19—ാം തീയതി വൈകുന്നേരം ഏഴു മണിക്ക് ബഹു: ട്രാൻസ്പോർട്ട് മന്ത്രി മി. ജോർജ് കഴക്കൂട്ടത്തുള്ള ഒരു ജ്യോതിഷാലയം സന്ദർശിക്കുകയുണ്ടായി. അദ്ദേഹം കഴക്കൂട്ടത്തു വരുന്നുണ്ടെന്ന് അറിഞ്ഞിട്ട്, അടുത്തകാലത്ത് ട്രാൻസ്പോർട്ട് മന്ത്രിയെന്നുള്ള നില

LIBRARY ARCHIVES Kerala Legislative Assembly

ന്നിൽ അദ്ധ്യേഹം നടത്തിയിട്ടുള്ള ചില ചെയ്തികളെ ട്രാൻസ്പോർട്ട് തൊഴിലാളികളെ കൂട്ടത്തോടെ പിരിച്ചുവിട്ടതിന്റെ നേർക്കുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിന് പത്തു അഞ്ഞൂറ് ആളുകളും അവിടെ കൂടിയിരുന്നു. അവർ മന്ത്രിയുടെ വരവ് പ്രതീക്ഷിച്ച് റോഡിന്റെ പടിഞ്ഞാറുഭാഗത്ത് മാറി ശാന്തരായി ഇരിക്കുകയായിരുന്നു. മന്ത്രി വരുന്നതിന് ഏകദേശം 10 മിനിട്ടിനു മുൻപു ആറിങ്ങൽ സർക്കിൾ, ഇൻസ്പെക്ടർ സദാനന്ദന്റെ നേതൃത്വത്തിൽ ഒരു സംഘം എസ്. ഏ. പി. ക്കാർ പൊടുന്നനവേ വന്നിറങ്ങി ഒരു മുന്നറിയിപ്പും കൂടാതെ ശാന്തരായി ഇരുന്ന ആളുകളെ നിരത്തിപ്പിടിച്ച് അടിക്കുകയും അതിനിഷ്ഠൂരമായ വിധത്തിൽ ലാത്തിച്ചാർജ് നടത്തുകയും ചെയ്തു. അതിന്റെ ഫലമായി നിരവധി പേർക്ക് പരിക്കേറ്റു. കഴക്കൂട്ടം പഞ്ചായത്ത് മെമ്പർ ശ്രീധർ, നാസ്സിമുദ്ദീൻ, സത്താർ ഉൾപ്പെടെ പരിക്കു പറ്റിയ കുറേ ആളുകളും ഇന്നും മെഡിക്കൽകാളേജ് ആശുപത്രിയിൽ ചികിൽസയിലാണ്. അവർക്ക് പൂർണ്ണമായ ചികിൽസ കിട്ടുന്നതിനു മുൻപു ആശുപത്രിയിൽനിന്നു ഇറക്കിവിടുന്നതിനുള്ള ഹീനമായ ശ്രമവും പോലീസ് ഈ അവസരത്തിൽ നടത്തുന്നുണ്ടെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ലാത്തിച്ചാർജ് നടത്തുക മാത്രമല്ല റോഡിൽ കൂട്ടിയിട്ടിരുന്ന കരിംകല്ല് പോലീസുകാർ വാരിയെടുത്ത് നാട്ടുകാരുടെ നേർക്ക് എറിയുകയുമുണ്ടായി. കഴക്കൂട്ടം ജംഗ്ഷനിൽ ഭീകരമായ ഒരു അന്തരീക്ഷമാണ് പോലീസ് ഉണ്ടാക്കിയിട്ടുള്ളത്. ചായക്കടകളുടെയും തുണിക്കടകളിലെയും കണ്ണാടി അലമാരകളുംപോലും പോലീസ് തകർത്തിരിക്കുകയാണ്. ഇത്രത്തോളം ഗൗരവതരമായ ഒരു പ്രവർത്തി തിരുവനന്തപുരം സിറ്റിക്ക് തൊട്ടടുത്തു നടന്നതിനെ സംബന്ധിച്ചിടത്തോളം പോലീസ് മന്ത്രിക്ക് എന്താണ് പറയാനുള്ളത്. മന്ത്രിമാർക്കെതിരായി സമാധാനപരമായി കരിങ്കൊടി പ്രകടനം നടത്താൻ പാടില്ലെന്ന വല്ല നിർദ്ദേശവും ബഹുമാനപ്പെട്ട മന്ത്രി കൊടുത്തിട്ടുണ്ടോഎന്നറിഞ്ഞുകൂടാ. ഈ സഭയിലിരിക്കുന്ന എല്ലാ കക്ഷികളും കരിങ്കൊടി പ്രകടനം നടത്തിയിട്ടുണ്ട്. നടത്താത്തവർ ആരുമില്ല. ഇപ്പോഴും ഇൻഡിക്കേറ്റും സിൻഡിക്കേറ്റും തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും കരിങ്കൊടി പ്രകടനം നടത്തുകയാണ്. സമാധാനപരമായി കരിങ്കൊടി പ്രകടനം നടത്താൻ പാടില്ലേ? മുദ്രാവാക്യം വിളിക്കാൻ പാടില്ലേ? അങ്ങനെ ചെയ്യുകയാണെങ്കിൽ അതെല്ലാം അടിച്ചുപിരിക്കുന്നതാണെന്നുള്ള നയം സ്വീകരിച്ചിരിക്കുന്നത് അവസാനിപ്പിക്കണം. 1960—ലും മറ്റും കരിംകൊടി പ്രകടനത്തിന് നേതൃത്വം കൊടുത്ത ആളാണ് മി. കോയ എന്നുള്ളകാര്യം മറന്നുകളയരുത്. ഈ സംഭവത്തിൽ കുറ്റക്കാരുടെമേൽ കർശനമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസവും ആഭ്യന്തരവുംമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, കഴക്കൂട്ടത്തുനടന്ന സംഭവങ്ങളെസംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീ. കാട്ടായിക്കോണം ശ്രീധർ അദ്ധ്യേഹത്തിന്റെ വെർഷനാണ് സഭമുമ്പാകെ നൽകിയിട്ടുള്ളത്. അവിടെ നടന്നതായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നു പറയാനുള്ള സംഭവം അതിൽനിന്നും തീരെ വ്യത്യസ്ഥമാണ് പലകാര്യങ്ങളിലും എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കേന്ദ്ര നിയമകാര്യമന്ത്രി ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോനും, നമ്മുടെ സംസ്ഥാനത്തിലെ മന്ത്രിമാരായ ശ്രീ. കെ. എം. ജോർജും, ശ്രീമാൻ ഒ. കോരനും ജ്യോതിഷ വിദ്യാലയത്തിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് 19—1—1970-ന് കഴക്കൂട്ടം സന്ദർശിക്കാൻ പരിപാടി ഇട്ടതായിരിന്നു. ബഹുമാനപ്പെട്ട ജോർജിനെതിരായി ഒരു പ്രകടനം നടത്താൻ കമ്മ്യൂണിസ്റ്റുപാർട്ടി (മാർക്സിസ്റ്റു) പരിപാടി ഇട്ടിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട ജോർജ് വൈകുന്നേരം ഏഴരമണിക്ക് വരുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. അദ്ധ്യേഹം ഏഴേമുക്കാലിനാണ് അവിടെ ചെന്നത്. ഏഴ് മുപ്പത്തഞ്ചായപ്പോൾ 500—ഓളം വരുന്ന മാർക്സിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

പ്രകടനക്കാർ തോപ്പിൽ ധർമ്മരാജൻ, കഴക്കൂട്ടം ശ്രീധരൻ, പൗഡിമോനൻ കുഞ്ഞുരാമൻ, നാസിമുദീൻ മുതലായ ആളുകളുടെ നേതൃത്വത്തിൽ കരിംകൊടിയും മുദ്രാവാക്യങ്ങളുമായി മുന്നോട്ടുവന്നു മീറ്റിംഗ് സ്ഥലത്തേക്കു പോകുന്ന റോഡിൽ തടസ്ഥമുണ്ടാക്കി. ആറ്റിങ്ങൽ സബ് ഇൻസ്പെക്ടറുടെയും കഴക്കൂട്ടം സബ് ഇൻസ്പെക്ടറുടെയും. നേതൃത്വത്തിലുള്ള പോലീസ് പാർട്ടി അവരെ നിയന്ത്രിക്കാനും റോഡിൽനിന്നു അകറ്റി നിറുത്താനും വളരെ പരിശ്രമിച്ചിരുന്നു. ഇതിനിടയിൽ പ്രകടനക്കാർ ക്ഷുഭിതരാകുകയും പോലീസ് പാർട്ടിക്കെതിരെ കല്ലേറു നടത്തുകയും ചെയ്തു. പോലീസ് പാർട്ടി അവരെ പിൻതുടർന്നു. തിരുവനന്തപുരം റൂറൽ ഡി. വൈ. എസ്.പി. യും അതിനിടയിൽ സംഭവസ്ഥലത്ത് വരികയുണ്ടായി. പോലീസ് ആളുകളെ പിൻതിരിപ്പിച്ച് റോഡിൽനിന്നു ഓടിച്ചതിനിടയിൽ പലർക്കും പരിക്കുകൾ പറ്റി ഔട്ട്പേഷ്യന്റായി 3 പേരെ മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിൽസിച്ചിട്ടുണ്ട്. ഈ കല്ലേറിന്റെ ഫലമായി പോലീസ് ഡിപ്പാർട്ടുമെന്റിലെ 3 പോലീസുകാർക്കും പരിക്കുകൾ പറ്റിയിട്ടുണ്ട്. ആ പോലീസുകാർക്കും വൈദ്യസഹായം നൽകുകയുണ്ടായി. രാത്രി 8.30 ആയപ്പോഴേക്കും ക്രൈം 17/70 നമ്പരായി 143, 147, 148, 149, 324, 336, ,ഐ. പി. സി. പ്രകാരം കഴക്കൂട്ടം തോപ്പിൽ ധർമ്മരാജൻ, കുഞ്ഞുരാമൻ, നാസിമുദീൻ തുടങ്ങിയ അഞ്ഞൂറോളം പേരുടെപേരിൽ കേസു ചാർജു ചെയ്തിട്ടുണ്ട്. ഇപ്പോഴും ഈ കേസിനെക്കുറിച്ച് അന്വേഷണം നടത്തികൊണ്ടിരിക്കുകയാണ്. ആരേയും അറസ്റ്റു ചെയ്തിട്ടില്ല. ട്രാൻസ്പോർട്ട് മിനിസ്റ്ററും കേന്ദ്രമന്ത്രിയും അവരുടെ പരിപാടിയനുസരിച്ച് വരുകയും യോഗത്തിൽ സംബന്ധിക്കുകയും തിരുവനന്തപുരത്ത് തിരിച്ചുപോവുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും അവിടെ സ്ഥിതി നിയന്ത്രണത്തിലാണ്. പോലീസ് വേണ്ടതുപോലെയുള്ള കരുതൽ നടപടികളും എടുക്കുന്നുണ്ട്. ഇതിന്റെകൂടെ ഒരു വാചകംകൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. സമാധാനപരമായി മന്ത്രിമാർക്കെതിരെ പ്രകടനം നടത്തുന്നതിനേയോ അല്ലെങ്കിൽ കരിംകൊടി കാണിക്കുന്നതിനേയോ എതിർക്കാനോ തടയാനോ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഇങ്ങനെയുള്ള സമാധാനപരമായ പ്രകടനങ്ങൾ ഞങ്ങളെസംബന്ധിച്ചിടത്തോളം ഇന്ന് നിത്യസംഭവങ്ങളാണ്. ഈ പ്രകടനങ്ങൾ പോകുന്നിടത്തെല്ലാം ഞങ്ങൾ കണ്ടു കൊണ്ടിരിക്കുന്നു. ചിലർക്ക് ഇങ്ങനെ പ്രകടനങ്ങൾ നടത്തേണ്ടത് അത്യാവശ്യമായതിനാൽ അവർക്കു കിട്ടേണ്ട സുഖം നിഷേധിക്കാൻ ഞങ്ങളാഗ്രഹിക്കുന്നില്ല. സമാധാനപരമായി എന്നതിന്റെ പരിധിവിട്ട് പ്രകടനങ്ങൾ പോവുകയും തടസപ്പെടുത്തുകയും കാറുകൾ കടന്നാക്രമിക്കുകയും, വഴിതടസ്സമുണ്ടാക്കുകയും, യോഗങ്ങളിലേക്ക് പോകുന്നത് തടയുകയുംഒക്കെ ചെയ്യുമ്പോൾ പോലീസ് ഏതുയോഗത്തിനായാലും ആവശ്യമായ സംരക്ഷണം നൽകേണ്ടതായിട്ടുണ്ട്. എതിർപക്ഷത്തുള്ള കക്ഷികൾ യോഗം ചേരുമ്പോൾ മറ്റുള്ളവർ പ്രകടനങ്ങൾ നടത്തി തടസ്സമുണ്ടാക്കിയാൽ ആ തടസങ്ങൾ നീക്കേണ്ടതുണ്ട്. ഏതു ചെറിയ കക്ഷിയായാലും വലിയ കക്ഷിയായാലും സമാധാനപരമായി എന്നതിന്റെ അതിരുവിട്ട് പ്രകടനങ്ങൾ നടത്തിയാലും യോഗങ്ങളിൽ തടസമുണ്ടാക്കുകയും, സംഘം ചേരാനുള്ള ജനങ്ങളുടെ സ്വാതന്ത്ര്യത്തിനു ഹാനി ഉണ്ടാക്കുകയും ചെയ്യുമ്പോൾ അവർക്കു സംരക്ഷണം നൽകണം. ഇക്കാര്യത്തിൽ അതിനെതിരായി ഒന്നും സംഭവിച്ചിട്ടില്ല. വല്ല സംഗതികളിലും അങ്ങനെ ഉണ്ടാവുകയാണെങ്കിൽ അതിനെതിരായി നടപടി എടുക്കും. സമാധാനപരമായ പ്രകടനത്തിന്റെ പേരിൽ സമാധാനവിരുദ്ധമായ പ്രകടനങ്ങൾ നടത്തുകയാണെങ്കിൽ അത് ഗവൺമെന്റ് സമ്മതിക്കുകയില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ശ്രീധർ: എന്റെ വെർഷനാണ് ഞാനിവിടെ പറഞ്ഞതെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി പറഞ്ഞു. എന്നാൽ ശ്രീ. ഹക്കിംജി

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എയുടെ വെർഷൻ ഈ പ്രശ്നത്തെസംബന്ധിച്ചിടത്തോളം എന്താണെന്ന് ആരാഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ വെർഷൻ ആരായുന്നതിനു വേണ്ടതു ചെയ്യുമോ?

ശ്രീ. ഇ. അഹമ്മദ്: റൂൾ 61 അനുസരിച്ച് ചോദ്യം ചെയ്യാൻ പാടുണ്ടോ?

Mr. Speaker: I am not allowing any more.....

ശ്രീ. ഇ. ജോൺജേക്കബ്: കുട്ടനാട്ടും പരിസരങ്ങളിലും ഇങ്ങനെ നിയമം കൈയിൽ എടുക്കുന്നുണ്ട്. ഇതു തെറ്റാണ്, ഇത് നിറുത്തണം. അതിന് എനിക്ക് പ്രധാനമായിട്ടും ഗവൺമെന്റിനോട് അപേക്ഷിക്കാനുള്ളത് ഇതേപ്പറ്റി കർശനമായ നടപടികളും എടുക്കുകയും ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ അന്വേഷണം നടത്തുകയും വേണമെന്നപേക്ഷിക്കുകയാണ്.

മി. സ്പീക്കർ: ഞാൻ അനുവദിക്കാതെ സംസാരിക്കാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹം തീർച്ചയായിട്ടും അനുവദിക്കാതെ സംസാരിച്ചത് ശരിയായി എന്ന് തോന്നുന്നില്ല.

Please resume your seat, Mr. Jacob. Shri K. K. Abu is not here. Mr. Sastri will present the report of the Committee on Private Members Bills and Resolutions.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഞാൻ അങ്ങയുടെ അനുവാദത്തോടുകൂടി രണ്ടുവാക്കു പറയാനാഗ്രഹിക്കുകയാണ്. ഇന്നലെ നമ്മുടെ സഭയിൽ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ചന്ദ്രസേനൻ അദ്ദേഹം നൽകിയിരുന്ന ഒരു പ്രിവിലേജു മോഷനെസംബന്ധിച്ച് രണ്ടു വാക്കു സംസാരിക്കാൻ എഴുന്നേറ്റപ്പോൾ അങ്ങ് വളരെ ക്ഷോഭിച്ച്.....

മി. സ്പീക്കർ: ക്ഷോഭിച്ചെന്നാരുപറഞ്ഞു.

ശ്രീ. ടി. കെ. കൃഷ്ണൻ: സഭയിൽനിന്നും പുറത്തുപോകാൻ പറയുകയുണ്ടായി. ഈ സംഭവം വളരെ നിർഭാഗ്യകരമാണ്. നമ്മുടെ സഭയിൽ ഇത്തരത്തിലുള്ള യാതൊരു സംഭവവും ഇതിനുമുമ്പുണ്ടായിട്ടില്ല. സ്വതേ സൗമ്യശീലനായ അങ്ങയെ പ്രകോപിപ്പിക്കത്തക്കവിധത്തിൽ ഒരു സംഭവം ഉണ്ടായിട്ടില്ല. ഏതായാലും അത് അദ്ദേഹത്തിന്റെ വികാരങ്ങളെ വളരെ യധികം പ്രണപ്പെടുത്തിയെന്നുമാത്രമല്ല ഈ സഭയുടെതന്നെ അന്തസിനെ അതു ക്ഷത പ്പെടുത്തിയിട്ടുണ്ട്. ഈ സംഭവത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള കഠിനമായ പ്രതിക്ഷേധം രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഒരു പാർട്ടിക്കുവേണ്ടി ബഹുമാനപ്പെട്ട ശ്രീ. ടി. കെ. കൃഷ്ണൻ വികാരങ്ങൾ രേഖപ്പെടുത്തുമ്പോൾ ഞാനൊന്നും പറയാതിരിക്കുന്നത് ശരിയായിരിക്കുകയില്ല. അതു ഒരു പാസിംഗ് റിമാർക്കായിരുന്നെങ്കിൽ ഞാൻ ഒന്നും പറയുകയില്ലായിരുന്നു. ബഹുമാനപ്പെട്ട ടി. കെ. കൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയും ഈ സഭയിൽ ഇന്നും ഇന്നലെയും വന്നവരല്ല ഈ റൂളും നിയമങ്ങളും നിയമങ്ങൾക്കനുയോജ്യമായിട്ടുള്ള നടപടികളും എങ്ങനെയാണ് മുന്നോട്ടേക്ക് പോകുന്നതെന്ന് അദ്ദേഹത്തിന് നല്ലതുപോലെ അറിയാം. അദ്ദേഹത്തിന് വികാരമുണ്ടായത് എന്തിനാണെന്ന് മനസിലാകുന്നില്ല. ബഹുമാനപ്പെട്ട ചന്ദ്രസേനനും മറ്റു മെമ്പറൻമാരും പ്രിവിലേജു പ്രശ്നങ്ങൾ എന്റെ കൈയിൽ കൊണ്ടുതന്നിട്ടുണ്ട് അതെങ്ങനെയാണ് ഇവിടെ ഡീലുചെയ്യുന്നതെന്നുള്ളത് എല്ലാവർക്കും അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചയും നടത്താനുണ്ടെങ്കിൽ സാധാരണ ഇക്കാര്യങ്ങളിലെല്ലാംതന്നെ ബന്ധപ്പെട്ട മെമ്പറെ വിളിച്ചുവരുത്തി ഞാൻ അവരുമായി അലോചിക്കും. ആ നിലയിലാണ് ശ്രീ. ടി. കെ. കൃഷ്ണനും പാർട്ടിയും അംഗീകരിച്ചിരിക്കുന്നതെന്നാണ് എന്റെ വിശ്വാസം. ഈ സംഗതിയെസംബന്ധിച്ചിടത്തോളം ടെലഫോണിലൂടെ മെമ്പറെ ചേംബറിൽ വിളിച്ചുവരുത്തി സംസാരിച്ച്, ഇതു സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ട കാര്യമില്ലെന്നു നിഗമനത്തിൽ എത്തി. ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശ്രീ. ടി. കെ. രാമകൃഷ്ണനും മറ്റു മൂന്നംഗങ്ങളും കൂടെ ഉണ്ടായിരുന്നു. സഭയുടെദൃഷ്ടിയിൽ ഇതു കൊണ്ടുവരേണ്ട യാതൊരാവശ്യവുമില്ലെന്നും അഭിപ്രായം പ്രകടിപ്പിച്ചതിനുശേഷം പിന്നെ ഇവിടെ കൊണ്ടുവന്ന് അനുവാദം കൂടാതെ ചാടിക്കയറി ചോദിക്കുകഎന്നുവന്നാൽ ഒരു പ്രശ്നവും എന്റെ മുറിയിൽ കൊണ്ടുവരേണ്ട കാര്യമില്ല. അന്നേരമന്നേരം തോന്നുന്നതുപോലെ സഭയിൽ എഴുന്നേറ്റുനിന്ന് ഉന്നയിച്ചാൽമാത്രം മതി. ആ നടപടിമതിയെയെന്നാണ് സഭയുടെ തീരുമാനമെന്നുവരികിൽ എനിക്ക് യാതൊരു ബദ്ധപ്പാടുമില്ല. സഭയിൽ ഓരോ പ്രശ്നവും കൊണ്ടുവരിക, വായിച്ചുകൊള്ളുക, പറഞ്ഞുകൊള്ളുക, അവരവരുടെ ഇഷ്ടംപോലെ നടത്തികൊള്ളുക, ഈ നടപടി ക്രമം ബഹുമാനപ്പെട്ട ശ്രീ. ടി. കെ. രാമകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയും ഒരിക്കലും അംഗീകരിക്കുന്നതല്ല. ഇതുവരെ അംഗീകരിച്ചിട്ടുമില്ല, അംഗീകരിക്കുകയുമില്ല എന്നാണെന്റെ വിശ്വാസം. ബഹുമാനപ്പെട്ട ചന്ദ്രസേനനും അതംഗീകരിക്കുകയില്ല. പിന്നെ ഇതൊരു പ്രശ്നമായി ഉന്നയിക്കണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹം വച്ചുകൊണ്ട് ചിലപ്പോൾ ചാടി എഴുന്നേറ്റുനിന്ന് പറഞ്ഞതാകാം. എന്റെ അടുത്തു സംസാരിച്ചതിനുശേഷം അതിനെസംബന്ധിച്ചൊരു തീരുമാനമെടുത്തതിനുശേഷം പിന്നെയും സഭയിൽ കൊണ്ടുവന്ന് ഉന്നയിച്ച് എഴുന്നേറ്റുനിന്ന് പിന്നെയും പിന്നെയും ചോദിക്കുന്ന അവസരത്തിൽ തീർച്ചയായിട്ടും ഒരു താക്കീതു കൊടുത്തതിൽ ഒരു തെറ്റുമില്ല, ഇറങ്ങിപോകാൻ പറഞ്ഞതിലും യാതൊരു തെറ്റുമില്ല. ഇറങ്ങിപ്പോകാൻ ചിലയവസരത്തിൽ ചില മെമ്പറൻമാരോട് പറയേണ്ടിവരും. അങ്ങനെ പറഞ്ഞാൽ ആരുടെയെങ്കിലുംപേരിൽ വ്യക്തിപരമായ വൈരാഗ്യം ഉണ്ടെന്നൊന്നും അർത്ഥമില്ല. ഞാനും ശ്രീ ചന്ദ്രസേനനും വളരെയധികം അടുത്ത സുഹൃത്തുക്കളാണ്, ഇന്നുമാണ്, ഇന്നലെയുമാണ്, നളെയും അങ്ങനെ ആയിരിക്കും എന്നാണെന്റെ വിശ്വാസം. ചന്ദ്രസേനനോടു മാത്രമല്ല ചില പ്രത്യേക സാഹചര്യത്തിലും സന്ദർഭത്തിലും ഏതെങ്കിലും മെമ്പറോടു പറയേണ്ടി വന്നാൽ മറ്റാരും അതിൽ ദു:ഖിക്കേണ്ടകാര്യമില്ല. ആമെമ്പറുമായി പറഞ്ഞുതീർക്കാമായിരുന്നു. ഒരു വലിയ പാർട്ടിയുടെ നേതൃത്വം വഹിച്ചുകൊണ്ട് വികാരമുൾക്കൊണ്ടുകൊണ്ടു പറഞ്ഞതിൽ ഖേദമുണ്ട്. ആ പാർട്ടിക്ക് അങ്ങനെ ഖേദമുണ്ടാകരുതെന്ന് ആ പാർട്ടിയോട് അഭ്യർത്ഥിക്കാമെന്നല്ലാതെ ഞാൻ എന്താണു ചെയ്ക.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, എന്നെപ്പറ്റിയുള്ള പരാമർശനം ആയതുകൊണ്ട് ഒരു വാക്കു പറയാൻ ഞാനാഗ്രഹിക്കുന്നു. അങ്ങനെയാതൊരു തരത്തിലും അനുസരിക്കാതിരിക്കണമെന്നോ അവമതി വരുത്തണമെന്നോ എനിക്ക് ആഗ്രഹമില്ലായിരുന്നു. പത്രത്തിൽ കണ്ടപ്പോൾതന്നെ ഞാൻ ഫോണിൽ വിവരം അറിയിച്ചു. ചേംബറിൽ വന്നു കാണണമെന്നു പറഞ്ഞു. ഞാൻ വന്ന് ചേംബറിൽവച്ചു കണ്ടു. അപ്പോൾ ഇത് ഉന്നയിക്കേണ്ട ആവശ്യമുണ്ടോ എന്നു അങ്ങു ചോദിച്ചു. ഞാൻ ഇന്നലെ ഒരു പ്രിവിലേജു നോട്ടീസു കൊടുത്തിരുന്നു, അതിന്റെ സ്ഥിതി എന്താണെന്നേ അന്വേഷിച്ചുള്ളു. അങ്ങു പറഞ്ഞതുപോലെ അങ്ങയോടുള്ള സ്നേഹവും ബഹുമാനവും മമതയും കൊണ്ട് അങ്ങു ഈ സഭയുടെ നാഥനെന്നുള്ള നിലയിൽ അങ്ങയെപ്പറ്റിയുള്ള പരാമർശനം ഈ രാജ്യത്തുണ്ടാകാതിരിക്കട്ടെ എന്നുള്ള സദുദ്ദേശത്തോടുകൂടിയാണ് ഈ സഭയിൽ അത് ഉന്നയിച്ചത്. വാസ്തവത്തിൽ ആവശ്യമില്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് പറഞ്ഞിരുന്നെങ്കിൽ ഞാൻ അത് കേൾക്കുമായിരുന്നു. മറ്റുപല അംഗങ്ങളേയും അപേക്ഷിച്ച് അച്ചടക്കത്തോടും അന്തസോടും——അൽപം ആരോഗ്യമുണ്ടെങ്കിലും—വലിയ ബഹളമൊന്നും കൂട്ടാതിരിക്കുന്ന കൂട്ടത്തിലാണ് ഞാൻ. അത് അങ്ങേക്കും ഈ സഭയിലുള്ള എല്ലാ ആളുകൾക്കും അറിയാം അങ്ങനെ യാതൊരു ദുരുദ്ദേശവും എനിക്കില്ലായിരുന്നു; അങ്ങയെ ഒരു നിലയിലും അനുസരിക്കാതിരിക്കയില്ല, അങ്ങുപറയുന്നതു അനുസരിക്കാൻ ഞാൻ തയ്യാറാണ്. പക്ഷേ ഈ സഭയിൽ ആദ്യമായിട്ട് ഇറങ്ങിപ്പോകു എന്നുള്ള വാക്കു പ്രയോഗിക്കാൻ വിധേയനാകേണ്ടിവന്നത് ഞാനാണല്ലോ എന്നുള്ളകാര്യത്തിൽ എനിക്കൽപ്പം കുണ്ഠിതവും വ്യസനവും പ്രയാസവുമുണ്ട്. അത് അങ്ങയുടെ മുൻപിൽ പ്രകടിപ്പിച്ചിക്കൊണ്ടും, മേലാലെങ്കിലും ഞങ്ങളെപ്പോലുള്ള സ്വതന്ത്രൻമാരോടു കുറച്ചുകൂടി ദയവായി പെരുമാറണമെന്ന് അപേക്ഷിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഇത് വ്യക്തിപരമായ കാര്യമല്ല. സഭയുടെ നാഥനെന്നുള്ളനിലയിൽ പല സന്ദർഭങ്ങളിലും അങ്ങ് അങ്ങയുടെ ചുമതല വഹിക്കേണ്ടതായി വരും. വ്യക്തികളുടെ പ്രശ്നമല്ല, സഭയുടെ ആകെതന്നെ പ്രശ്നമാണ്. ആ നിലയിൽ ഇന്നലെ നടന്ന സംഭവത്തെസംബന്ധിച്ച് അങ്ങ് ഒരു നിർദ്ദേശം നൽകികഴിഞ്ഞാൽ ഈ സഭയുടെ ചട്ടമനുസരിച്ചും മുൻപാരമ്പര്യമനുസരിച്ചും സഭയുടെ അദ്ധ്യക്ഷന്റെ തീരുമാനങ്ങളെ ചോദ്യം ചെയ്യുകയോ പ്രതിഷേധിക്കുകയോ ചെയ്യുന്ന നടപടിക്രമമില്ല. അത് ഈ സഭയുടെ ചട്ടങ്ങൾക്കും സഭയുടെ അന്തസ്സിനും വിരുദ്ധമായ സംഗതിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട കൃഷ്ണൻ അദ്ദേഹത്തിന്റെ നിലപാട് മാറ്റണം അങ്ങയുടെ നടപടികളിലും പ്രതിഷേധം രേഖപ്പെടുത്താൻ മറ്റു സഭാ നടപടികളിൽ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്ന് അദ്ദേഹം അന്വേഷിക്കേണ്ടതായിരുന്നു. അതല്ലാതെ അദ്ദേഹം സ്വീകരിച്ച മാർഗ്ഗം നിർഭാഗ്യകരമായിപ്പോയി, സഭയുടെ അന്തസിന് യോജിച്ചതല്ല. അതുകൊണ്ട് അത് അദ്ദേഹം പിൻവലിക്കണം അല്ലെങ്കിൽ അതു ഈ രേഖയിൽനിന്നെങ്കിലും മാറ്റം ചെയ്യുകയോ ചെയ്യണം.

ശ്രീ. ഇ. എം. ജോർജ്: ഇതേപ്പറ്റിയുള്ള ഡിസ്കഷൻ അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, സ്പീക്കർ ഒരു നടപടി എടുത്തുകഴിഞ്ഞാൽ അതിന് ഇപ്പോഴും ഉണ്ടായതുപോലെയുള്ള വികാരങ്ങളുടെ പ്രതിഫലനം നടത്തുന്നത് അത്ര ശരിയല്ല. രണ്ടാമത്തെ ദിവസം ആലോചിച്ചതിനുശേഷം സ്പീക്കർ ഇന്നലെ എടുത്ത തീരുമാനങ്ങളിൽഞങ്ങളും പ്രതിഷേധിക്കുന്നുഅതല്ലെങ്കിൽ ഞങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തുന്നു എന്നു പറയുന്നത് ഇതുവരെയുള്ള ഈ സഭയുടെ ചരിത്രത്തിലോ അല്ലെങ്കിൽ മറേറതെങ്കിലും സഭയുടെ ചരിത്രത്തിലോ ഉണ്ടായിട്ടുള്ള ഒരു സംഭവമല്ല. ബഹുമാനപ്പെട്ട ശ്രീ.ടി.കെ.കൃഷ്ണൻറെവികാരം എന്തായിരുന്നാലും ശരി ഈ സഭയിലെ ഉത്തരവാദപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട പ്രതിപക്ഷത്തിന്റെ വിപ്പ് എന്നുള്ള നിലയിലും ഈ സഭയിലെ ഭരണകക്ഷിയുടെ വിപ്പായിരുന്ന ആളെന്ന നിലയിലും അദ്ദേഹം ചെയ്ത പരാമർശനം പിൻവലിക്കേണ്ടതും ഖേദം പ്രകടിപ്പിക്കേണ്ടതുമാണ്. ഇത്തരം ഒരു കീഴ്വഴക്കം ഇനിമേലിൽ ഈ സഭയിൽ ഉണ്ടാകരുതെന്ന് നിർദ്ദേശംകൊടുക്കണമെന്ന് അങ്ങയോട് അപേക്ഷിക്കുകയാണ്.

ശ്രീ.ജോസഫ് ചാഴിക്കാടൻ: നമ്മുടെ നിയമസഭ ഇന്ന് രാഹുർദശയിൽ എത്തിയിരിക്കുകയാണ് എന്നു തോന്നുന്നു. ഈ നിയമസഭയിൽ ഗവർണ്ണറുടെ പ്രസംഗം നടന്ന അന്നു കാണിച്ച വികൃതികൾ മാത്രമോശമായിരുന്നു, ആകെ മോശമായിരുന്നു? അതു വേണ്ടപോലെ അങ്ങു നിയന്ത്രിച്ചില്ല. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഇവിടെ ചോദ്യം ചോദിക്കാൻ എഴുന്നേൽക്കുമ്പോൾ പത്തും പന്ത്രണ്ടും പേർ ഒരുമിച്ചു നിരന്നുനിന്നു ചോദിക്കുകയാണ്. ഈ സഭ കുറച്ചുകൂടി നിയന്ത്രിച്ച് ശക്തിയായി അങ്ങു കൊണ്ടുപോകുന്നില്ലെങ്കിൽ ഇതു ദിവസേന അധഃപതിച്ചു അധഃപതിച്ചുപോകും. നാണക്കേടുകൊണ്ട് ഇവിടെ ഇരിക്കാൻ വയ്യ. അതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് വളരെ താഴ്മയായി അപേക്ഷിക്കുന്നു കുറേകൂടി ചുണയായിട്ട്, കുറേക്കൂടി തന്റേടമായിട്ട് ഈ നിയമസഭയുടെ അന്തസ്സു പാലിക്കത്തക്കവണ്ണം അങ്ങു പ്രവർത്തിക്കുന്നില്ലെങ്കിൽ ഇത് അധഃപതിച്ചുപോകുകയേയുള്ളൂ. അത് അങ്ങയുടെയും അധഃപതനമായിരിക്കുമെന്നുകൂടി ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ടി. എ. മജീദ്: സർ, ഇന്നലെ അങ്ങയുടെ ആവർത്തിച്ചാവർത്തിച്ചുള്ള റൂളിംഗിനെ നിഷേധിച്ചുകൊണ്ട് ശ്രീ. ചന്ദ്രസേനൻ പ്രവർത്തിച്ചു എന്നാണു ഞാൻ മനസ്സിലാക്കുന്നത്. അങ്ങ് സഭയിൽ നിന്നും പോകാൻ ആദ്യം പറയുകയും പിന്നെ വളരെ സൗമനസ്യത്തോടു കൂടി ഒരു വാണിംഗിൽ അവസാനിപ്പിക്കുകയും ചെയ്തു. സഭാനടപടികളും ചട്ടപ്രകാരം നീങ്ങണമെന്ന സദുദ്ദേശത്തോടുകൂടി ആണ് അതു ചെയ്തിട്ടുള്ളത് എന്ന് ഞങ്ങൾക്ക് ബോധ്യമുണ്ട്. ഇന്നലെ ഇവിടെ നിന്നും പോയശേഷം ആലോചിച്ചിട്ട് ശ്രീ. ടി. കെ. കൃഷ്ണൻ ഇന്നു പ്രതിഷേധിക്കുകയെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ഈ സഭയിൽ കാര്യങ്ങളും നടപടിച്ചട്ടങ്ങളും അനുസരിച്ച് നടക്കാൻ പാടില്ലെന്നാണ്. അതിലുള്ള പ്രതിഷേധമായിരിക്കും. ഇന്നലെ ചട്ടപ്രകാരം സഭാ നടപടികളും നടത്തണമെന്നുള്ള നടപടിയാണു സ്വീകരിച്ചത്. അതിൽ പ്രതിഷേധിക്കുകയെന്നു പറഞ്ഞാൽ നടപടിപ്രകാരം സഭാനടപടികളും നടക്കുന്നതിൽ പ്രതിഷേധിക്കുക എന്നാണോ അർത്ഥം. അല്ലെങ്കിൽ അതിൽ പ്രതിഷേധിക്കേണ്ടതില്ലായിരുന്നു. അതുകൊണ്ട് പ്രതിഷേധിക്കുന്നു എന്നു പറഞ്ഞതു പിൻവലിക്കാനുള്ള സൻമനസ് ഉണ്ടാകണമെന്ന അഭ്യർത്ഥനയാണ് എനിക്കു വയ്ക്കാനുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇവിടെ 1957–59 കാലത്തു പ്രതിപക്ഷത്തിരുന്ന ശ്രീ. പി. ടി. ചാക്കോ തന്നെ സ്പീക്കർ എടുക്കുന്ന ചില നടപടികളെ സംബന്ധിച്ചുള്ള പരാമർശനങ്ങളും ഇവിടെ നടത്തിയിട്ടുണ്ട്. ശ്രീമാൻ കരുണാകരൻ ഞങ്ങളെക്കൊണ്ട് മറെറന്തെങ്കിലും നടപടികളും എടുപ്പിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഞങ്ങൾക്ക് അങ്ങനെ ഉദ്ദേശമില്ല. ഞങ്ങൾക്ക് ഇക്കാര്യത്തിലുള്ള വികാരം പ്രകടിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പിൻവലിക്കേണ്ട ആവശ്യമൊന്നും അക്കാര്യത്തിലില്ല. ബഹുമാനപ്പെട്ട ടി. കെ. കൃഷ്ണൻ സംസാരിച്ചപ്പോൾ അദ്ദേഹം അതു വ്യക്തമാക്കുകയും ചെയ്തു. പിന്നെ പിൻവലിക്കുക, മറെറന്തെങ്കിലും നടപടികളും എടുക്കേണ്ടതായിരുന്നു, പ്രതിഷേധിക്കുകയെന്നു പറഞ്ഞാൽ ശരിയല്ല എന്നെല്ലാം കരുണാകരൻ പറഞ്ഞതുകൊണ്ടു മറെറന്തെങ്കിലും നടപടികളും ഞങ്ങളെക്കൊണ്ട് എടുപ്പിക്കുക എന്നുള്ള നിലയിൽ പറഞ്ഞിട്ടു കാര്യമില്ല. ഞങ്ങൾക്ക് ഇക്കാര്യത്തിലുള്ള അഭിപ്രായപ്രകടനം നടത്തുകമാത്രമാണു ചെയ്തിട്ടുള്ളത്. അതിൽക്കവിഞ്ഞ മറെറന്തെങ്കിലും നടപടി എടുക്കുകയോ ചർച്ച ചെയ്യുകയോ എന്നുള്ളതു ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ല. അക്കാര്യമാണു വ്യക്തമാക്കിയത്.

ശ്രീ. ബേബിജോൺ: ഈ സഭയിൽ ഒരു ബഹുമാനപ്പെട്ട അംഗം ഒരു പൊതുപ്രശ്നത്തെക്കുറിച്ച് അഭിപ്രായം പറഞ്ഞാൽ മറെറാളുകൾക്കും, മറെറാരു പാർട്ടികൾക്കും സ്വാഭാവികമായി അഭിപ്രായം പറയാനുള്ള അവകാശമുണ്ട്; സ്വാതന്ത്ര്യമുണ്ട്. ആ നിലയിലാണു മറെറാരു പാർട്ടികളിൽ നിന്നുമുള്ള പരാമർശനം ഇക്കാര്യത്തെ സംബന്ധിച്ച് ഉണ്ടായതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സർ, ഏതായാലും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ നിയന്ത്രിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്ന അവസരത്തിൽ എടുക്കേണ്ട നടപടികളെക്കുറിച്ച് സാധാരണ ഗതി
യിൽ ചോദ്യം ചെയ്യാറുപതിവില്ല. അതു മാത്രവുമല്ല വർഷങ്ങളായി എനിക്ക
റിയാവുന്നതു നിയമസഭയിൽ ഏതെങ്കിലും പ്രശ്നത്തെ സംബന്ധിച്ച്
ഇറങ്ങിപ്പോകുന്ന അവസരത്തിൽപ്പോലും ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിം
ഗിൽ പ്രതിഷേധിച്ചുകൊണ്ടല്ല, മറിച്ചു മറ്റുകാര്യങ്ങൾ കൊണ്ടാണെന്നുകൂടി
വ്യക്തമാക്കിക്കൊണ്ടാണ് സാധാരണഗതിയിൽ പണ്ടൊക്കെ വാക്കൗട്ട് നടത്തി
യിട്ടുള്ളത്. ഇപ്പോഴം അങ്ങനെയല്ല. കാരണം നമുക്കെല്ലാം കുറെ ധാരണ
കളും സങ്കൽപ്പങ്ങളും എല്ലാം ഈ നിയമസഭയെക്കുറിച്ചും അതിന്റെ നാഥനെ
കുറിച്ചും എല്ലാം ഉണ്ട്. കാലക്രമത്തിൽ ആ സങ്കൽപ്പങ്ങൾക്ക് മാറ്റം ഉണ്ടാ
കുമായിരിക്കും. എങ്കിൽത്തന്നെയും സഭാ നേതാവെന്നുള്ള നിലയിൽ അങ്ങു
നൽകിയ റൂളിംഗിൽ, ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ നായർ പറഞ്ഞതു
പോലെ പെട്ടെന്നുള്ള വികാരംകൊണ്ട് എതിർത്തു ചോദ്യംചെയ്യുന്നതും അതെല്ലാം
കഴിഞ്ഞു പിറേദിവസം രാവിലെ വന്നു അതിൽ എതിർക്കുകയും പ്രതിഷേ
ധിക്കുകയും ചെയ്യുക എന്നുള്ള നടപടി ശരിയാണോ പ്രോൽസാഹിപ്പിക്കേണ്ട
കാര്യമാണോ എന്നാലോചിക്കേണ്ടതാണ്. മറെറന്തെങ്കിലും നടപടി സ്വീകരി
ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഞാൻ പറയുന്നത്. ഇതു നിരുൽ
സാഹപ്പെടുത്തേണ്ട ഒരു പ്രവണതയണ്. അതുകൊണ്ട് ബഹുമാനപ്പെട്ട
ടി. കെ. കൃഷ്ണൻ തന്നെ സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്ന ഭാഗം
പിൻവലിക്കണമെന്നാണ് എന്റെ അഭിപ്രായം. വളരെ സദുദ്ദേശത്തോടു
കൂടി സാമാന്യമായ ജനാധിപത്യ മര്യാദ വച്ച് അദ്ദേഹം പിൻവലിക്കുന്നത്
നന്നായിരിക്കുമെന്നാണ് എനിക്കു പറയുവാനുള്ളത്.

ഡാ. ജോർജ് തോമസ്: സർ, ഒരംഗത്തോടു നിയമസഭയ്ക്കു പുറത്തു
പോകാൻ പറയുന്നത് വളരെ ഗുരുതരമായ കാര്യമാണ്. ഇന്നലെയുണ്ടായ
സാഹചര്യത്തിൽ അങ്ങ് അങ്ങനെ നിർദ്ദേശിച്ചു. എന്നിട്ട് അതേ നിമിഷ
ത്തിൽ അത് അൽപ്പം കൂടിയ ശിക്ഷ ആയിരിക്കാമെന്ന് അങ്ങേയ്ക്ക് തോന്നു
കയും അങ്ങ് അത് അപ്പോഴത്തന്നെ ഒരു താക്കീതായി മാറ്റുകയും ചെയ്തു.
അങ്ങ് അങ്ങനെ ചെയ്തതിനെ ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുക
യാണു സർ. കഴിഞ്ഞ രണ്ടര മൂന്നു വർഷങ്ങൾക്കിടയിൽ ഇങ്ങനെയൊരു
സംഭവം ഈ സഭയിൽ ഉണ്ടായിട്ടില്ല. മാത്രവുമല്ല ഈ മൂന്നു കൊല്ലങ്ങൾക്കു
ള്ളിൽ തലേ ദിവസം നടന്ന സ്പീക്കറുടെ ഒരു റൂളിംഗിനെപ്പറ്റി പിറേദിവസം
ചോദ്യം ചെയ്യത്തക്ക വിധത്തിൽ അതിനെപ്പറ്റി പ്രതിഷേധം രേഖപ്പെടുത്തുന്ന
യാതൊരു സംഭവവും ഈ സഭയിൽ ഉണ്ടായിട്ടില്ല. ഇനി പി.ടി. ചാക്കോയുടെ
കാലടികളും പിന്തുടർന്നുകൊണ്ടായാലും അതു സ്വീകാര്യമല്ല; അംഗീകരിക്കാവുന്ന
ഒരു കാര്യമായി എനിക്കു തോന്നുന്നില്ല. അതുകൊണ്ട് ഇതിനെ സംബന്ധിച്ച
ചർച്ചകളും ഇനി അവസാനിപ്പിച്ച് ഇപ്പോഴത്തന്നെ ഉണ്ടായിരിക്കുന്ന ഒരന്തരീക്ഷ
ത്തിൽ ശ്രീ. ടി. കെ. രാമകൃഷ്ണന്റെ പ്രസ്താവനയിൽ ഖേദപ്രകടനം
ഉണ്ടായിരുന്നു എന്നാണെനിക്കു തോന്നുന്നത്. ആ നിലയിൽ ഇതു അംഗീ
കരിച്ചുകൊണ്ട് ഈ പ്രശ്നം അവസാനിപ്പിക്കണമെന്നാണ് എന്റെ അഭ്യർഥന.

ശ്രീ. ടി. കെ. കൃഷ്ണൻ: അങ്ങയുടെ അവകാശത്തേയോ പരമാധി
കാരത്തേയോ ഒരിക്കലും ചോദ്യം ചെയ്യാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ല. ഇന്നലത്തെ
നിർഭാഗ്യകരമായ സംഭവത്തിൽ ഞങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കുകയാണ്
ഉണ്ടായിട്ടുള്ളത്. അതിൽ പിൻവലിക്കുന്നതിന്റെ പ്രശ്നമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇന്നലെ നടന്ന സംഭവത്തെപ്പറ്റിയുള്ള വികാ
രങ്ങൾ ഇന്നു പ്രകടിപ്പിക്കാൻ ഒരവസരം ഉപയോഗിച്ചതു വളരെ ഖേദകരമായി
പ്പോയി എന്നാണ് എനിക്ക് ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളത്. ഇന്നലെ
ഈ സഭയിലെ ഒരംഗത്തെ സംബന്ധിച്ച് അദ്ദേഹം ഇറങ്ങിപ്പോകണമെന്ന്

DM ansiv

LIBRARY ARCHIVES Kerala Legislative Assembly

അങ്ങു പറഞ്ഞെങ്കിലും അതൊരു താക്കീതായി ഉടൻതന്നെ മാറുകയും ചെയ്തു. ആ അംഗം ഇതിനുമുൻപ് ഇന്നലെയോ ഇന്നോ യാതൊരു വികാരവും പ്രകടിപ്പിച്ചതുമില്ല. എന്നാൽ ഈ സഭയിൽ പ്രതിപക്ഷത്തിനുവേണ്ടി ബഹുമാനപ്പെട്ട ടി. കെ. കൃഷ്ണൻ അന്ന് അങ്ങയുടെ പ്രവൃത്തിയിലുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനുള്ള ഒരു അവസരം ഉപയോഗിച്ചത് നിർഭാഗ്യകരമായിപ്പോയി എന്നാണ് എനിക്കു സൂചിപ്പിക്കുവാനുള്ളത്. സർ, അങ്ങ് ഈ സഭയുടെ നടപടികളിൽ പലപ്പോഴും ചട്ടങ്ങൾക്കപ്പുറമായിത്തന്നെ പല അംഗങ്ങൾക്കും അഭിപ്രായം പറയുന്നതിനുള്ള അവസരം നൽകിയിട്ടുണ്ടെന്ന് ഈ സഭാ നടപടികളെപ്പറ്റി പരിശോധിക്കുന്ന ഏതൊരാളും സമ്മതിക്കുന്നതാണ്. ഇക്കാര്യത്തിനു യാതൊരംഗങ്ങൾക്കും പരാതിക്ക് ഇടനൽകാതെ ഇത്രയും കാലംകൊണ്ട് അങ്ങ് ഈ സഭയുടെ ഉന്നതസ്ഥാനത്തിരിക്കുകയും ചെയ്തു. ഇപ്പോൾ ബഹുമാനപ്പെട്ട കൃഷ്ണൻ അദ്ദേഹത്തിന് അങ്ങയുടെ അധികാരത്തെ ചോദ്യം ചെയ്യണമെന്നുദ്ദേശമില്ലെന്നു വ്യക്തമാക്കിയിരിക്കുന്ന നിലയ്ക്ക് അതിനെ മുഖവിലയ്ക്ക് എടുത്തുകൊണ്ട് ഈ ചർച്ച അവസാനിപ്പിക്കണമെന്നാണ് അങ്ങയോട് നിർദ്ദേശിക്കുവാനുള്ളത്.

മി. സ്പീക്കർ: സ്പീക്കർ ഇന്നലെ ഒരു നടപടി സ്വീകരിച്ചതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചന്ദ്രസേനൻ വളരെ കാര്യമായി പറഞ്ഞു. ആദ്യമായിട്ട് ഈ സഭയിൽനിന്നു പുറത്തുപോകാൻ പറഞ്ഞത് എന്നെയാണ്, അതു വളരെ ഖേദകരമായിപ്പോയി എന്നെക്കെ. അങ്ങനെയല്ല വസ്തുത. ബഹുമാനപ്പെട്ട ശ്രീ. വിൽസൻ അദ്ദേഹം ഇവിടില്ലെന്നുതോന്നുന്നു. ബഹുമാനപ്പെട്ട മജീദ് ഇവരെല്ലാം ഈ സഭയിൽനിന്നു പുറത്തിറങ്ങിപ്പോകാൻ ഞാൻ പറയേണ്ടി വന്നിട്ടുണ്ട്. അവരാരും പ്രതിഷേധിച്ചിട്ടില്ല. മറ്റു സഭകളിൽ ഇതു നടന്നിട്ടുണ്ട്. പുറത്തിറങ്ങിപ്പോകാൻ വളരെയധികം മെമ്പറൻമാരോടു പറഞ്ഞിട്ടുണ്ട്. ലോകസഭയിൽത്തന്നെ ബഹുമാനപ്പെട്ട മെമ്പറൻമാരെ പുറത്തിറങ്ങിപ്പോകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എടുത്തുകൊണ്ടുവരെ പോയിട്ടുണ്ട്. അവർ വലിയ പാർട്ടിനേതാക്കൻമാരും മറ്റുമാണ്. അതുകൊണ്ടുമാത്രം അവർക്കു സഭയുടെ പുറത്തോ അകത്തോ മാന്യതയ്ക്ക് ഒന്നും കുഴപ്പം വന്നിട്ടില്ല. അവരുടെ മാന്യതയെ ആരും ചോദ്യംചെയ്തിട്ടുമില്ല. ചില സന്ദർഭങ്ങളിൽ ഇറങ്ങിപ്പോകാൻ പറഞ്ഞു എന്നു വരും. ഇറങ്ങിപ്പോകാൻ പറയാൻ ഇടവരുത്തണമെന്നുവരെയും ചിലർക്കാഗ്രഹം വരാം. അതായിരിക്കാം പ്രശസ്തിക്കുള്ള കാരണം. അങ്ങനെയും വരാം. പല സഭകളിലും പല നടപടിക്രമങ്ങളും സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് മാന്യതയ്ക്കൊന്നും കുറവ് ഉണ്ടാവുകയില്ല. ഇവിടെയിരിക്കുന്ന എല്ലാ മെമ്പറൻമാരുടെയും ആത്മാർത്ഥത ഒന്നുപോലെയാണ്. നിങ്ങളുടെയെല്ലാം ചേർന്നതാണ് എന്റെ മാന്യത. ഞാൻ ഇന്നലെ അങ്ങനെ പ്രസ്താവിച്ചപ്പോൾ ചന്ദ്രസേനനു പരാതിയില്ലായിരുന്നു. ഇന്നു പരാതി ശ്രീ. ടി. കെ. കൃഷ്ണൻ ഏറ്റെടുത്തു പറഞ്ഞു. പാർട്ടിക്കുവേണ്ടി കൂടി അദ്ദേഹം പറഞ്ഞു. സ്പീക്കർ ഏതാണ്ട് ചെയ്യരുതാത്തതു ചെയ്തു എന്നെല്ലാം പറയേണ്ടിയില്ലായിരുന്നു എന്നാണ് എനിക്കു തോന്നുന്നത്. ഏതായാലും ഇത്രയും പറഞ്ഞസ്ഥിതിക്ക് ഏതാണ്ടുവമ്പിച്ച പ്രിവിലേജ് പ്രശ്നം കൊണ്ടുവന്നത് ഞാൻ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നു എന്നൊരു സൂചന ഉണ്ടായ സ്ഥിതിക്ക് ആ വസ്തുത പറയാതെ വിടുന്നതു ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. വൈകുന്നേരം ഇവിടെനിന്നു പുറപ്പെടുന്ന ഒരു പത്രത്തിൽ എന്റെ നല്ലൊരു പടവും ഒരു ന്യൂസും ഉണ്ടായിരുന്നു. വളരെ നല്ല പടം. എന്റെ ഭാര്യയ്ക്ക് അതു വളരെ ഇഷ്ടമായി. ഇതിനു മുൻപൊരിക്കലും ഇത്ര നല്ല ഒരു പടം പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാണ് അവർ പറഞ്ഞത്. ഒരു പടവും പ്രസിദ്ധീകരിച്ച് ഞാൻ ആർക്കോ —ഒരുദ്യോഗസ്ഥനു— പ്രമോഷൻ കൊടുക്കണമെന്ന് ബഹുമാനപ്പെട്ട ശ്രീ. കോരനോട്

LIBRARY ARCHIVES Kerala Legislative Assembly

പറയുകയും ബഹുമാനപ്പെട്ട കോരൻ വകുപ്പുദ്യോഗസ്ഥനോട് ഈ ഉദ്യോഗസ്ഥനുവേണ്ടി ശുപാർശ ചെയ്തു എന്നും പറഞ്ഞിരുക്കുകയാണ്. വകുപ്പ് ഉദ്യോഗസ്ഥൻ ചെയ്തത് എന്താണെന്നോ? പ്രമോഷൻ കൊടുക്കുകയല്ല ചെയ്തത്. ഓഫീസിൽ ചെന്നപ്പോഴം രണ്ടടിയാണ് കൊടുത്തതെന്നാണ് എഴുതിയിരിക്കുന്നത്. എഴുതുന്നയാളും പത്രം നടത്തുന്നയാളും എല്ലാം അതു വായിക്കുന്ന പൊതുജനങ്ങൾക്ക് ബുദ്ധിയുണ്ടെന്നുള്ള നിലയിൽ എഴുതേണ്ടിയിരുന്നു. ഞാൻ ബഹുമാനപ്പെട്ട കോരനോട് ശുപാർശ ചെയ്തത് ബഹുമാനപ്പെട്ട കോരൻ അത് വകുപ്പു മേധാവിയോടു പറഞ്ഞാൽ അടിക്കുകയാണോ ചെയ്യുന്നത്? പണ്ട് അങ്ങനെയായിരുന്നിരിക്കാം. പഴയ ഭരണം നടന്നപ്പോഴം ഇങ്ങനെയായിരുന്നിരിക്കാം. ഇങ്ങനെ നുണപ്രചരണം നടത്തി അന്നന്നു വൈകുന്നേരം പിഴപ്പു നടത്തുന്ന ആളുകൾക്ക് അതിന്റെ റിപ്പോർട്ടുകൾ ഈ സഭയിൽ വായിച്ച് ആ പ്രചരണം മൂലം അവരുടെ പത്രം കൂടുതൽ ചെലവാകുന്ന തരത്തിൽ ബഹുമാനപ്പെട്ട ചന്ദ്രസേനൻ എന്തിനാണ് കൂട്ടുനിൽക്കുന്നത്? ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങളെ ignore with contempt എന്നാണ് എന്റെ അഭിപ്രായം. ഇതേ സംബന്ധിച്ച ഇപ്പോഴം കേസു നടക്കുന്നുണ്ട്. ഗവൺമെന്റ് സെക്രട്ടറി അന്വേഷണം നടത്തുന്നുണ്ട്. അതെല്ലാം നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ മാന്യത പുലർത്തേണ്ടത് ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടെയും ആവശ്യമാണ്. പക്ഷേ ഇങ്ങനെ വൈകുന്നേരം പത്രം നടത്തി പിഴപ്പു നടത്തുന്നവരുടെ ആവശ്യത്തിനുവേണ്ടി എന്തെങ്കിലും നടത്തേണ്ട കാര്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ബഹുമാനപ്പെട്ട ചന്ദ്രസേനന്റെ വികാരങ്ങളെ മാനിച്ചതുകൊണ്ടുതന്നെയാണ് ഞാൻ അദ്ദേഹത്തെ വിളിച്ച് സംസാരിച്ചത്. ഇത് ഇഗ്നോർ ചെയ്യണം. വല്ല ആവശ്യത്തിനും പച്ചനുണ എഴുതുന്നത് ഗൗരവമായി എടുത്ത് ജനങ്ങളുടെ ഇടയിൽ പ്രചരണം ഉണ്ടാക്കിക്കൊടുക്കുന്ന ഏർപ്പാട് വേണ്ടെന്നു വയ്ക്കണം. പിന്നെ എനിക്ക് അൽപ്പം ദേഷ്യം വന്നു. ഞാൻ കഷ്മയുടെ ഒരു നെല്ലിപ്പലകയുമായിട്ടാണ് ഇവിടെ വന്നിരിക്കുന്നത്. ഒരു നെല്ലിപ്പലക ഇതിനിടയിൽ ഇട്ടിട്ടുണ്ട്. അതല്ല എന്നിൽ ചില മാറ്റങ്ങളുണ്ടെന്ന് ഇപ്പോഴം പറയുന്നുണ്ട്. ഒരു മാറ്റവും എനിക്ക് ഉണ്ടായിട്ടില്ല. അപ്പുറത്തിരിക്കുന്ന ആളുകൾ ഇപ്പുറത്തിരിക്കുമ്പോഴും ഇപ്പുറത്തിരിക്കുന്ന ആളുകൾ അപ്പുറത്തിരിക്കുമ്പോളും എല്ലാം എന്നെ സംബന്ധിച്ചിടത്തോളം യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. ഉണ്ടാവുകയുമില്ല. ആരെയെങ്കിലും പുറത്തയയ്ക്കണമെന്നു പറഞ്ഞാലും ഇരിക്കണമെന്നു കർശനമായി പറഞ്ഞുപോയി എന്നും വിചാരിച്ച് അതിലൊന്നും യാതൊരു കുഴപ്പവും ഉണ്ടാവുകയില്ല എന്നു സഭയെ അറിയിക്കുകയാണ്. അത്രയും പറയേണ്ടി വന്നതിൽ എനിക്ക് ആത്മാർത്ഥമായ ഖേദമുണ്ട്. ഇങ്ങനെ ഒരു സംഭവം ഈ സഭയിലുണ്ടായി ബഹുമാനപ്പെട്ട ചന്ദ്രസേനനോട് പറയേണ്ടിവന്നു എന്നുള്ളതിൽ പ്രതിഷേധിക്കേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട ടി. കെ. കൃഷ്ണൻ പ്രതിഷേധം പിൻവലിച്ചു എന്നു വിശ്വസിക്കട്ടെ?

(ശ്രീ. ടി. കെ. കൃഷ്ണൻ എന്തോ പറഞ്ഞു.)

മി. സ്പീക്കർ: എന്നാൽ പിൻവലിക്കുകയാണോ?

ശ്രീ. ടി. കെ. കൃഷ്ണൻ: പ്രതിഷേധം നിലനിൽക്കുകയാണ്.

മി. സ്പീക്കർ: പ്രതിഷേധം നിലനിൽക്കുകയാണ് എന്നു വരികിൽ ഇനിമേൽ ബഹുമാനപ്പെട്ട ടി. കെ. കൃഷ്ണനെ സംബന്ധിച്ചും എന്റെ നിഷ്പക്ഷതയെ ചോദ്യംചെയ്തിരിക്കുന്നു എന്ന നിലയ്ക്ക് അദ്ദേഹം ഉൾപ്പെട്ടതായ രാഷ്ട്രീയപാർട്ടിയെ സംബന്ധിച്ചും എനിക്ക് ഭാവിയിൽ എടുക്കേണ്ടതായ നടപടികൾ എന്താണെന്നുള്ളതിനെപ്പറ്റി ചിന്തിക്കേണ്ടിവരും. തീർച്ചയായും ചിന്തിക്കുമെന്നു ഞാൻ പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly